**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2219** **30-07-2021 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജക മണ്ഡലത്തിലെ ജല സംരക്ഷണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നീർത്തട സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ജലവിഭവാസൂത്രണത്തിന് ഏറ്റവും അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടങ്ങൾ. ഇക്കാര്യം കണക്കിലെടുത്ത് ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"-യുടെ ഭാഗമായ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും, റിഡ്ജ്-ടു-വാലി സമീപനത്തോടു കൂടി വിവധ ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കുളങ്ങളുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് സംരക്ഷിക്കുക, തോടുകൾ/ പുഴകൾ എന്നിവയിടങ്ങളിൽ തടയണകൾ/വെന്റഡ് ക്രോസ് ബാറുകൾ നിർമ്മിക്കുക, തോടുകളിലും മറ്റ് ജലസ്രോതസ്സുകളിലും അടിഞ്ഞു കൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവ്വഹിച്ചു വരുന്നത്. കൂടാതെ സംയോജിത നീർത്തടാസൂത്രണ പദ്ധതിയുടെ ഭാഗമായി ആമച്ചൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ ജല സേചന പ്രവൃത്തികൾക്കായി മൈനർ ഇറിഗേഷൻ വഴി സമർപ്പിക്കപ്പെട്ട പദ്ധതിയുടെ (ഫയൽ നം. M13/15/2021 /WRD) നിലവിലെ സ്ഥിതി വിശദമാക്കാമോ;പ്രസ്തുത പദ്ധതിയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ എന്തൊക്കെയാണ്;ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന "വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി" എന്ന സംയോജിത നീർത്തട പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ "RIDF-Integrated Water Conservation Project for Kattakada Legislative Assembly Constituency” എന്ന പദ്ധതി നബാർഡ് നിരാകരിച്ച പദ്ധതികളിൽ പ്പെടുന്നു എന്ന് 19/04/2021 ലെ NB (Kerala)/SPD/121/RIDF-40(A)/2021-22 കത്ത് പ്രകാരം NABARD അറിയിക്കുകയും പ്രസ്തുത വിവരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറെ 15/07/2021 ലെ സർക്കാർ കത്ത് നം.എം.ഐ3/ 15/2021/ജവിവ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ